(ഡി) എങ്കിൽ മുൻഗവൺമെന്റ് ഉണ്ടാക്കാൻ തീരുമാനിച്ച കരാറും ഇപ്പോഴത്തെ കരാറും തമ്മിലുള്ള വ്യത്യാസമെന്താണന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചെയ്തിരുന്നു.

(ബി) ഇത് സംബന്ധിച്ച് ചർച്ച നടത്തുന്നതിനുവേണ്ടി മാറ്റിവെച്ചിരുന്നു.

(സി) ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) മുൻഗവൺമെന്റ് ധാരണാപത്രവും ഈ ഗവൺമെന്റ് ബി.ഒ.ടി. എഗ്രിമെന്റ് ഒപ്പുവെയ്ക്കുകയും ചെയ്തിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖവികസനം

116 (165) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസനത്തിനുള്ള കരാർ നൽകിയത് ഏത് കമ്പനിക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) ബിൽഡ്, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ സിസ്റ്റമനുസരിച്ചാണോ ഈ തുറമുഖവികസനം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ എത്രവർഷം കഴിഞ്ഞാണ് തുറമുഖം തിരിച്ചേൽപ്പിക്കുന്നത്;

(ഡി) ഈ കാലയളവിനുള്ളിൽ നിർദ്ദിഷ്ട തുകയുടെ മുതൽമുടക്ക് നടത്താത്തപക്ഷം അതിനുള്ള പരിഹാരം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം സംബന്ധിച്ച കരാറിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ?

ഉത്തരം

(എ) സെക്കന്തരാബാദിലെ കുമാർസ് എനർജി കോർപ്പറേഷൻ എന്ന കമ്പനിക്കാണ്.

(ബി) ആണ്.

(സി) 30 വർഷത്തേയ്ക്കോ, മുതൽമുടക്കും, ഇന്റേണൽ റേറ്റ് ഓഫ് റിട്ടേണും തിരിച്ച് കിട്ടുന്നതുവരേയ്ക്കുമോ ആണ് ബി.ഒ.ടി. കാലാവധി.

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ കമ്പനി എന്തെങ്കിലും വീഴ്ചവരുത്തിയാൽ കരാർ റദ്ദാക്കാൻ വ്യവസ്ഥയുണ്ട്.

(ഇ) ബി.ഒ.ടി. കരാറിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്.†

അടിമലത്തുറയിൽ പുതിയ തുറമുഖം നിർമ്മിക്കുന്നതിനുള്ള പദ്ധതി

117 (166) ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ.കെ. മണി :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്തിനടുത്ത് അടിമലത്തുറയിൽ പുതിയ തുറമുഖം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) തുറമുഖ നിർമ്മാണത്തിന് ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി ധാരണയുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് വിഴിഞ്ഞത്ത് നിലവിലുള്ള തുറമുഖം വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നോ;

(ഇ) ആ പദ്ധതി നടപ്പാക്കാൻ ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി അന്നത്തെ സർക്കാർ ധാരണയുണ്ടാക്കിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(എഫ്) മുൻ സർക്കാർ ഇക്കാര്യത്തെ സംബന്ധിച്ചു പ്രതിപക്ഷ പാർട്ടികളെ വിളിച്ച് ചർച്ചചെയ്യുകയുണ്ടായോ; എങ്കിൽ അത് സംബന്ധിച്ച് വിശദാംശം നൽകാമോ;

(ജി) തുറമുഖവികസനം സ്വകാര്യമേഖലയെ ഏൽപ്പിക്കുന്നതിനെതിരെ അന്നത്തെ പ്രതിപക്ഷം എതിർപ്പ് പ്രകടിപ്പിച്ചിരുന്നോ; എങ്കിൽ കാരണങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) തുറമുഖത്തിന്റെ സ്ഥാപനത്തിനുവേണ്ടി സെക്കന്തരാബാദിലെ കുമാർ എനർജി കോർപ്പറേഷനുമായി സർക്കാർ 15.11.99-ൽ ബിൽഡ്, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടി എടുത്തുവരികയാണ്.

(ഡി)&(ഇ) നിലവിലുള്ള വിഴിഞ്ഞം തുറമുഖം വികസിപ്പിക്കുന്നതിന് വേണ്ടി സർക്കാർ 11.10.95-ൽ സെക്കന്തരാബാദിലെ കുമാർസ് ഗ്രൂപ്പുമായി ധാരണാപത്രത്തിൽ ഒപ്പ് വെച്ചിരുന്നു. ധാരണാപത്രത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(എഫ്)&(ജി) തുറമുഖ വികസനം സ്വകാര്യ മേഖലയിൽ നൽകുന്നതു സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

സംസ്ഥാനത്തെ കോളേജുകളിലുണ്ടാകുന്ന അക്രമസംഭവങ്ങൾ

(26) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly